# പതറാതെ മുന്നോട്ട്

# കുടുംബശ്രീ


**സി.ഡി.എസ്സ് ചെയർ പേഴ്സൺ**
**ശ്രീമതി. ഉഷകുമാരി**

**അക്കൻണ്ടന്റ് - ശ്രീമതി. ബിന്ദുറാണി**

**ബ്ലോക്ക് കോ-ഓർഡിനേറ്റർ**
**ശ്രീമിത. അനീഷ. ആർ. എൽ**


# കുളത്തൂർ സി.ഡി.എസ്സ്

# കുളത്തൂർ സി.ഡി.എസ്സ്

# കോവിഡ് കാല പ്രവർത്തന റിപ്പോർട്ട്

**ആമുഖം**

കുളങ്ങളുടെയും കാവുകളുടെയും നാടായ കുളത്തൂർ പ്രകൃതി രമണിയമാണ്. കേരളത്തിന്റെ തെക്കേ അറ്റത്ത് അറബിക്കടലിനോട് ചേർന്ന് നെയ്യാറിന്റെയും പൊഴിക്കരയുടെയും സാമീപ്യം കൊണ്ട് പ്രസിദ്ധമാണ് കുളത്തൂർ. നാനാജാതി മതസ്ഥർ തിങ്ങിപ്പാർക്കുന്ന, മതേതരത്വത്തെ വിളിച്ചോതുന്ന, നാനത്വത്തിൽ ഏകത്വം എന്ന ആശയം യാഥാർത്ഥ്യമാക്കുന്ന തരത്തിൽ തന്നെയാണ് കുളത്തൂർ പഞ്ചായത്തോടൊപ്പം തന്നെ പ്രവർത്തിച്ചുവരുന്ന സി.ഡി.എസിന്റെ പ്രവർത്തനങ്ങളും. കുളത്തൂർ പഞ്ചായത്ത് തീരദേശ പഞ്ചായത്ത് ആയതുകൊണ്ട് പഞ്ചായത്തിലെ ജനങ്ങളുടെ തന്നെ പ്രധാന വരുമാന മാർഗ്ഗം കൃഷിവും മത്സ്യബന്ധനവുമാണ്. ഇക്കാരണം കൊണ്ടുതന്നെ ഈ കുടുംബങ്ങളിലെ സ്ത്രീകളെ മുഴുവൻ സ്വാധീനിക്കാൻ ഇവിടത്തെ കുടുംബശ്രീ പ്രവർത്തനങ്ങൾക്കായിട്ടുണ്ട്. അതിന് ചുക്കാൻ പിടിക്കുന്നത് ചെയർപേഴ്സനായ ശ്രീമതി ഉഷയും അക്കൗണ്ടന്റ് ആയ ശ്രീമതി.ബിന്ദവും അതോടെപ്പം എല്ലാ CDS അംഗങ്ങളുമാണ്.




ഓഖിയിലും പ്രളയത്തിലും തകർച്ച ബാധിച്ച കാർഷിക മത്സ്യബന്ധനമേഖലകളെ പുരോഗിതിയിലേയ്ക്ക് ഉയർത്തി കൊണ്ടുവരുന്നിതാനയി ജില്ലാമിഷൻ നൽകിയതും തനതായ പല പ്രവർത്തനങ്ങളും ഊർജ്ജസലമായ രീതിയിൽ നടത്തി വരുന്ന സാഹചര്യത്തി

ലാണ് കോവിഡ് എന്ന മഹാമാരി ലോകത്തെ എന്നപോലെ നമ്മുടെ കൊച്ചുകേരളത്തെയും ബാധിച്ചത്. കോവിഡ് മഹാവിപത്തിനെ ചെറുത്തു നിൽക്കാൻ രാജ്യത്തിന്റെ ശ്രമങ്ങളൊടൊപ്പം പങ്കുചേരാൻ CDSന്റെ ഭാഗത്തുനിന്നും പലപ്രവർത്തനങ്ങളും കാഴ്ചവയ്ക്കുകയുണ്ടായി. അവയാണ് ചുവടെ കുറിക്കുന്നത്.

## സംഘടനാ സംവിധാനം

ഏതൊരു പ്രസ്ഥാനത്തിന്റെയും കരുത്ത് അതിന്റെ സംഘടനാ സംവിധാനം തന്നെയാണ് 342 അയർ കൂട്ടമാണ് കുളത്തൂർ CDS- ൽ ഉള്ളത്. ഇതിൽ 4872 കുടുംബങ്ങളും ഉൾപ്പെടുന്നുണ്ട്. കോവിഡ് കാലത്ത് സംഘടനാ സംവിധാനത്തിലും ചില പ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. അതിൽ എടുത്തുപറയേണ്ട ഒന്നാണ് വാട്സ് അപ് ഗ്രൂപ്പ് രൂപീകരണം. ഗവൺമെന്റിന്റെ നിർദ്ദേശങ്ങളും അറിയിപ്പുകളും അതുപോലെ തന്നെ താഴെതട്ടിലും എത്തിക്കുന്നതിനായി എല്ലാ CDSലും അതുപോലെ 351 അയൽക്കൂട്ടത്തിലും വാട്സ് അപ് ആപ്പുകൾ ആരംഭിക്കുകയുണ്ടായി. അത് ഇന്നും കാര്യക്ഷമമായ രീതിയിൽ പ്രവർത്തിക്കുന്നുമുണ്ട്. മാർച്ച് അവസാനവാരങ്ങളിൽ കൂടിയ അൽക്കൂട്ടങ്ങളിൽ യോഗങ്ങളിൽ കോവിഡിന്റെ പ്രതിരോധ പ്രവർത്തനങ്ങൾ ചർച്ചചെയ്യുകയുണ്ടായി. അതുപോലെ തന്നെ എടുത്തുപറയേണ്ട ഒന്നാണ് 'ഉണർവ്വ്' കോവിഡ് കാലത്ത് സ്ത്രീ ഹൃദയങ്ങളിൽ അടിച്ചമർത്തപ്പെട്ട സർഗ്ഗ വാസനയെ പുറത്തുകൊണ്ടുവരുന്നതിനായി നടത്തിയ ഈ പരിപാടിയിൽ കുളത്തൂർ CDSലെ മിക്ക വിട്ടമ്മമാരും പങ്കെടുക്കുകയുണ്ടായി.

## മാസ്ക് നിർമ്മാണം

ജില്ലാമിഷൻ CDS എത്തിച്ച് നൽകിയ തുണിയിൽ മാസ്ക് നിർമ്മിച്ച് മിഷന് തന്നെ തിരിച്ചുകൊടുത്തതാണ് ആദ്യ പ്രവർത്തനം അതിനെ തുടർന്ന് പഞ്ചായത്തിലേക്ക് ആവശ്യമായ മാസ്ക് തച്ച്കൊടുത്തു. അതുപോലെ തന്നെ എല്ലാ വാർഡിലും വീടുകൾ തോറും മാസ്ക് തച്ച് കൊടുക്കുകയും ചെയ്തു. കോറന്റയിൽ കിടന്ന വ്യക്തികൾക്കും കുടുംബങ്ങൾക്കും സൗജന്യമായി മാസ്ക് തച്ച് വീട്ടിൽ എത്തിക്കുന്നതിൽ അയൽക്കൂട്ട അംഗങ്ങൾ ഒരു മടിയും കാണിച്ചില്ല. അതുകൊണ്ട് തന്നെ തൊഴിലുറപ്പിലേയ്ക്കാവശ്യമായ ഓർഡർ മുഴുവൻ പഞ്ചായത്ത് ഈ യൂണിറ്റുകൾക്ക് തന്നെ നൽക്കുകയുണ്ടായി.



## Break the Chain

പഞ്ചായത്ത് തലത്തിൽ നടത്തിയ ബ്രേക്ക് ദി ചെയിൻ വീടുകളിലും നടപ്പിലാക്കുന്നതിനായി വീടുകൾ തോറും സോപ്പ്, സാനിട്ടൈറിസർ എന്നിവ എത്തിച്ച് നൽകിയത് കുടുംബശ്രീ വനിതകളാണ്. ഇതിനാവശ്യമായ സോപ്പുകൾ കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിച്ചവയാണ്.

## കോവിഡ് കാല ശുചീകരണം

പഞ്ചായത്തിന്റെ സഹായത്തോടെ വീടും പരിസരവും ശുചിയാക്കുന്ന പ്രവർത്തനം നടക്കുകയുണ്ടായി. അതിലും CDS അംഗങ്ങളും ADS ഭാരവാഹികളും ഒരു മടിയും കൂടാതെ പങ്കുചേർന്നു. ശുചകരണത്തിനായി ആദ്യം തിരഞ്ഞെടുത്തത് തീരദേശ വാർഡുകളാണ്.



## മൈക്രോഫിനാൻസ്

മുഖ്യമന്ത്രി നൽകിയ സഹായഹസ്തം CMHLS Loan തന്നെയാണ് മൈക്രോഫിനാൻസിൽ എടുത്ത് പറയേണ്ടത്. ഇതിനായി 222 ഗ്രൂപ്പുകളെ തിരഞ്ഞെടുക്കുകയും അവർക്ക് ജില്ലാമിഷൻ നൽകിയ 24769770/ കോടി രൂപ നൽക്കുകയുണ്ടായി. അവരുടെ അപേക്ഷകൾ ബാങ്കിൽ നൽക്കുകയും അതിൽ 12 അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് ലോൺ നൽക്കുകയും ചെയ്തു.



## കമ്യൂണിറ്റി കിച്ചൻ

കോവിഡ് കാലത്ത് ഒരുനേരത്തെ ഭക്ഷണത്തിനുപോലും വകയില്ലാതെ കഴിയുന്ന വർക്ക് ഒരുനേരത്തെ ഭക്ഷണം എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ പദ്ധതിയ്ക്ക് പഞ്ചായത്തിനോടൊപ്പം കൈകോർത്തത് കുടുംബശ്രീ പ്രവർത്തകരാണ്. അതിന് തങ്ങളാൽ കഴിയുന്ന എല്ലാ സഹായവും നൽകിയത് കുടുംബശ്രീ അംഗങ്ങളാണ്.



## ജനകീയ ഹോട്ടൽ

കേരള ഗവൺമെന്റിന്റെ പൂർണ്ണ പിൻതുണയോടെ ആരംഭിച്ച ഒരു കുടുംബ ശ്രീ സംരംഭമായ ജനകീയ ഹോട്ടൽ ഈ CDS ലും ആരംഭിക്കുകയും അത് വളരെ വിജയകരമായി ഇന്നും നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

## ക്വാറന്റയിൻ പ്രവർത്തനം

ആഴക്കടൽ മത്സ്യ ബന്ധനത്തിനുപോയ 300 ഓളം തൊഴിലാളികളെ ക്വാറന്റയനിൽ വച്ചപ്പോൾ അവർക്ക് 4 ദിവസത്തെ ആഹാരം മുഴുവൻ കൊണ്ടുചെന്ന് നൽകിയത് നമ്മുടെ കുടുംബശ്രീ പ്രവർത്തനകരാണ്.

## വാർഡ് തല കമ്യൂണിറ്റികിച്ചൻ

പഞ്ചായത്ത് തലത്തിൽ നടത്തിയ കമ്യൂണിറ്റികിച്ചനു പുറമേ വാർഡ് തലത്തിലും അയൽകൂട്ട അംഗങ്ങളുടെ നേതൃത്വത്തിൽ പൊയ്പള്ളിവിളാകം, പൂഴിക്കുന്ന് എന്നി വാർഡുകളിൽ കമ്യൂണിറ്റി കിച്ചൻ ആരംഭിക്കുകയും 18 ദിവസം അശരണർക്ക് അന്നം കൊടുക്കുകയും ചെയ്തു.

## ജെ.എൽ.ജി. പ്രവർത്തനം



സാമൂഹിക അടുക്കളയിലേയ്ക്ക് വേണ്ട പച്ചക്കറികൾ മുഴുവൻ നൽകിയത് ഞങ്ങളുടെ ജെ.എൽ.ജി. കർഷകരാണ് കൂടാതെ രുചിയോർമ്മ എന്ന പാചകക്കുറിപ്പ് മത്സരവും ഇവിടെ നടക്കുകയുണ്ടായി.

ചുരുക്കത്തിൽ കോവിഡ് കാലത്ത് തങ്ങളുടെതായ ചില പ്രവർത്തനങ്ങൾ നടത്തി എന്നും മുന്നിൽ തന്നെയാണ് കുളത്തൂർ സി.ഡി.എസ്.